بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

**ജുമുഅഃ ഖുത്വ്ബ**

**സംഗ്രഹം**

**04-09-2026**

# തിരുനബി(സ)യുടെ തവക്കുൽ

സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് (അയ്യദഹുല്ലാഹ്..) യു.കെ യിലെ മസ്ജിദ് മുബാറക്കിൽ വച്ച് നിർവഹിച്ചത്

اَشۡهَدُ اَنۡ لَّا اِلٰهَ اِلَّا اللّٰهُ وَحۡدَهٗ لَا شَرِيۡكَ لَهٗ وَاَشۡهَدُ اَنَّ مُحَمَّدًا عَبۡدُهٗ وَرَسُوۡلُهٗ

اَمَّا بَعۡدُ فَاَعُوۡذُ بِاللّٰهِ مِنَ الشَّيۡطٰنِ الرَّجِيۡمِ - بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِيۡمِ -

اَلۡحَمۡدُ لِلّٰهِ رَبِّ الۡعٰلَمِيۡنَ ○ الرَّحۡمٰنِ الرَّحِيۡمِ ○ مٰلِكِ يَوۡمِ الدِّيۡنِ ○ اِيَّاكَ نَعۡبُدُ وَاِيَّاكَ نَسۡتَعِيۡنُ ○

اِهۡدِنَا الصِّرَاطَ الۡمُسۡتَقِيۡمَ ○ صِرَاطَ الَّذِيۡنَ اَنۡعَمۡتَ عَلَيۡهِمۡ ۙ غَيۡرِ الۡمَغۡضُوۡبِ عَلَيۡهِمۡ وَلَا الضَّآلِّيۡنَ ○

തശഹ്ഹുദും തഅവ്വുദും സൂറത്തുൽ ഫാത്തിഹയും പാരായണം ചെയ്ത ശേഷം ഹസൂർ അൻവർ(അയ്യദഹുല്ലാഹ്) അരുളിച്ചെയ്തു:

അല്ലാഹു തിരുനബി(സ)-യെ പരിപൂർണ്ണ മനുഷ്യനാക്കി മുഴുവൻ മാനവരാശിക്കും ഉത്തമ മാതൃകയായി നിയോഗിക്കുകയും, എല്ലാ ഉത്കൃഷ്ടഗുണങ്ങളെയും തിരുമേനിയുടെ വ്യക്തിത്വത്തിൽ മഹത്തായ ധാർമികഗുണമാക്കി മാറ്റുകയും ചെയ്തു. തങ്ങളിൽ സത്ഗുണങ്ങൾ വളർത്തിയെടുക്കാനും സ്വഭാവഗുണങ്ങളുടെ ഉന്നത നിലവാരം കൈവരിക്കാനും ആഗ്രഹിക്കുന്നുവെങ്കിൽ ഈ മഹാനായ റസൂലിനെ അനുധാവനം ചെയ്യുക എന്ന് മുഅ്മിനീങ്ങളോട് അല്ലാഹു ഉപദേശിക്കുന്നു. എന്തെന്നാൽ, അത് മാത്രമാണ് അല്ലാഹുവിന്റെ പ്രീതി കൈവരിക്കാനുള്ള മാർഗ്ഗം.

തിരുനബി (സ) സ്വന്തം ജീവിതത്തിൽ ഓരോ ധാർമികഗുണത്തെയും പരമോന്നത നിലവാരത്തിലെത്തിച്ചതോടൊപ്പം, സത്യവിശ്വാസികളോടും ആ ഉന്നത നിലവാരങ്ങൾ കൈവരിക്കാനായി പരിശ്രമിക്കാൻ ആവശ്യപ്പെട്ടു. തിരുനബി (സ) യുടെ വിശുദ്ധ ജീവിതത്തിൽ അല്ലാഹുവിലുള്ള തവക്കുൽ എന്ന ഗുണം വളരെ പ്രകടമായ ഒന്നാണ്.

അല്ലാഹു അരുളുന്നു:

**ഓ നബി, നാം നിന്നെ ഒരു സാക്ഷിയും സന്തോഷവാർത്ത അറിയിക്കുന്നവനും താക്കീതു നല്കുന്നവനുമായി അയച്ചിരിക്കുന്നു.അല്ലാഹുവിന്റെ കല്പനയനുസരിച്ച് അവനിലേക്കു ക്ഷണിക്കുന്ന ആളായും പ്രകാശം നല്കുന്ന വിളക്കായും (നിന്നെഅയച്ചിരിക്കുന്നു).സത്യവിശ്വാസികൾക്ക് സന്തോഷവാർത്ത അറിയിക്കുക, അല്ലാഹുവിൽനിന്ന് അവർക്ക് മഹത്തായ അനുഗ്രഹംലഭിക്കുന്നതാണെന്ന്.അവിശ്വാസികളെയും കപടവിശ്വാസികളെയും നീ അനുസരിക്കരുത്. അവരുടെ ശല്യങ്ങൾ അവഗണിക്കുക.അല്ലാഹുവിൽ ഭരമേല്പിക്കുക. കാര്യനിർവാഹകനായി അല്ലാഹു മതിയായവനാകുന്നു.**

ഇതിൽ സത്യവിശ്വാസികൾക്കും വലിയ സന്തോഷവാർത്തയുണ്ട്; അവർ ഈമാനിൽ ഉറച്ചുനിൽക്കുകയും അല്ലാഹുവിന്റെ കൽപ്പനകൾ പാലിക്കുകയും അവന്റെ സാന്നിധ്യത്തിൽ പൂർണ്ണമായി തവക്കുൽ ചെയ്യുകയും ചെയ്യുകയാണെങ്കിൽ, എല്ലാ പ്രയാസങ്ങളിലും അല്ലാഹു അവർക്ക് മതിയായവനായി മാറും.

മറ്റൊരു സ്ഥലത്ത് അരുളുന്നു:

**അല്ലാഹുവല്ലാതെ യാതൊരു ആരാധ്യനുമില്ല; സത്യവിശ്വാസികൾ അല്ലാഹുവിൽ മാത്രം ഭരമേൽപ്പിക്കട്ടെ.**

ഹദ്റത്ത് അഖ്ദസ് മസീഹ് മൗഊദ് (അ) അരുൾ ചെയ്യുന്നു:

ഹദ്റത്ത് ഖാതമുന്നബിയ്യീൻ (സ)യുടെ ജീവചരിത്ര സംഭവങ്ങളിലേക്ക് കണ്ണോടിച്ചാൽ വളരെ വ്യക്തമായും പ്രകാശമാനമായും വെളിപ്പെടുന്ന ഒരു കാര്യമുണ്ട്. അവിടുന്ന് അങ്ങേയറ്റം ആത്മാർഥത പുലർത്തുകയും ആന്തരിക വിശുദ്ധി അവലംബിക്കുകയും അല്ലാഹുവിനായി ജീവാർപ്പണം ചെയ്യുകയും സൃഷ്ടികളിൽ പ്രതീക്ഷയർപ്പിക്കാതെ അവരിൽനിന്ന് മുഖം തിരിച്ച് അല്ലാഹുവിൽ മാത്രം ഭാരമേൽപ്പിക്കുകയും ചെയ്തിരുന്നു. മറ്റ് പ്രവാചകന്മാരുടെ സംഭവങ്ങളിൽ പോലും ഇത്രയധികം അപകടങ്ങൾ നിറഞ്ഞ സാഹചര്യങ്ങളിൽ അല്ലാഹുവിൽ തവക്കുൽ ചെയ്തു

കൊണ്ട് പരസ്യമായി ശിർക്കിനെയും സൃഷ്ടിപൂജയെയും തടയുകയും, ഇത്രയധികം ശത്രുക്കൾ ഉണ്ടായിരിക്കെ സ്ഥിരതയും ഉറപ്പും കാണിക്കുകയും ചെയ്ത മറ്റൊരു ഉദാഹരണവും കാണാൻ സാധ്യമല്ല!

തുടർന്ന് അവിടുന്ന് അരുളിച്ചെയ്യുന്നു:

***തബത്തുൽ*** എന്നാൽ അല്ലാഹുവുമായി ഹൃദയം ബന്ധിപ്പിക്കുക, ദുനിയാവിനെ ഉപേക്ഷിക്കുക എന്നാണ് അർത്ഥം. ഇതിന്റെ പ്രായോഗിക മാതൃക നമ്മുടെ റസൂൽ കരീം (സ) തങ്ങളാണ്! അങ്ങേയ്ക്ക് ആരുടെയും പ്രശംസയെക്കുറിച്ചോ അധിക്ഷേപത്തെക്കുറിച്ചോ യാതൊരു ചിന്തയുമുണ്ടായിരുന്നില്ല. അവിടുത്തേക്ക് എന്തെല്ലാം പ്രയാസങ്ങളാണ് നേരിടേണ്ടി വന്നത്! എന്നിട്ടും അവിടുന്ന് അതിനെയൊന്നും വകവെച്ചില്ല. അല്ലാഹുവിന്റെ പക്കൽ നിന്ന് നിർവ്വഹിക്കാൻ ഏൽപ്പിക്കപ്പെട്ട ദൗത്യത്തിൽ നിന്ന് അങ്ങയെ തടയാൻ യാതൊരുവിധ ദുരയ്ക്കോ അത്യാഗ്രഹത്തിനോ സാധിച്ചില്ല. ഏതൊരു വ്യക്തിയാണോ ***മുതബത്തിൽ***(അല്ലാഹുവിലേക്ക് പൂർണ്ണമായി തിരിഞ്ഞവൻ) ആകുന്നത്, അവൻ ***മുതവക്കിൽ*** (അല്ലാഹുവിൽ തവക്കൽ ചെയ്യുന്നവൻ) കൂടിയായിരിക്കും. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, ഒരുവന് ***മുതവക്കിൽ*** ആകണമെങ്കിൽ ***മുതബത്തിൽ*** ആകേണ്ടത് അനിവാര്യ നിബന്ധനയാണ്! മറ്റുള്ളവരോട് വിശ്വാസവും ആശ്രയത്വവും നിലനിൽക്കുന്നിടത്തോളം കാലം അല്ലാഹുവിൽ ആത്മാർഥമായി തവക്കൽ ചെയ്യുക സാധ്യമല്ല. ഒരാൾ ദൈവത്തിലേക്ക് മാത്രം തിരിയുമ്പോൾ അവൻ ദുനിയാവുമായുള്ള തെറ്റായ ബന്ധങ്ങൾ മുറിച്ചുമാറ്റുകയും ദൈവവുമായി ആത്മീയമായി ബന്ധിക്കപ്പെടുകയും ചെയ്യുന്നു. നമ്മുടെ നബികരീം (സ) തികഞ്ഞ ***മുതബത്തിൽ*** ആയിരുന്നതുപോലെ തന്നെ പൂർണ്ണ ***മുതവക്കിൽ*** കൂടിയായിരുന്നു.

ഹദ്റത്ത് അഖ്ദസ് മസീഹ് മൗഊദ് (അ) വീണ്ടും അരുൾ ചെയ്യുന്നു:

അല്ലാഹു ബലഹീനനാണെന്ന് നിങ്ങൾ വിചാരിക്കരുത്; അവൻ മഹത്തായ കഴിവുള്ളവനാണ്. ഏതൊരു കാര്യത്തിലും നിങ്ങൾ അവനിൽ ഭരമേൽപ്പിച്ചാൽ , അവൻ തീർച്ചയായും നിങ്ങളെ സഹായിക്കും. ആര് അല്ലാഹുവിൽ തവക്കുൽ ചെയ്യുന്നുവോ, അവന് അല്ലാഹു മാത്രം മതിയായവനാണ്. ദീനീപരമായ കാര്യങ്ങൾക്ക് തടസ്സമായി നിൽക്കുന്ന പ്രയാസങ്ങളിൽ നിന്ന് അല്ലാഹു മുത്തഖിക്ക് മോചനം നൽകുന്നു എന്നത് തഖ്വയുടെ അനുഗ്രഹങ്ങളിൽ പ്രധാനപ്പെട്ട ഒന്നത്രേ. അതുപോലെ അല്ലാഹു മുത്തഖിക്ക് പ്രത്യേകമായ രീതിയിൽ ജീവിതമാർഗം നൽകുന്നു. തിരുനബി (സ) ***ഉമ്മി*** (നിരക്ഷരൻ) ആയിരുന്നിട്ടുകൂടി, വേദക്കാർ, തത്ത്വചിന്തകർ, ജ്ഞാനികൾ, മഹാപണ്ഡിതന്മാർ എന്നിവരടങ്ങുന്ന സമസ്ത ലോകത്തോടും എതിരിടേണ്ടതുണ്ടായിരുന്നു; എന്നാൽ അങ്ങേക്ക് എത്രമാത്രം ആത്മീയ റിസ്ഖ് (ആത്മീയ അറിവ്) നൽകപ്പെട്ടുവെന്നാൽ അങ്ങ് എല്ലാവരെയും അതിജയിച്ചുകൊണ്ട് അവരുടെ തെറ്റുകൾ ചൂണ്ടിക്കാണിക്കുകയുണ്ടായി.

ഹദ്റത്ത് ഉമർ ബിൻ ഖത്താബ് (റ) നിവേദനം ചെയ്യുന്നു;

തിരുനബി (സ) അരുളിച്ചെയ്തു: അല്ലാഹുവിൽ തവക്കുൽ (ഭരമേൽപ്പിക്കൽ) ചെയ്യേണ്ടുന്ന മുറപ്രകാരം നിങ്ങൾ അവനിൽ തവക്കുൽ ചെയ്യുകയാണെങ്കിൽ, പക്ഷികൾക്ക് ഭക്ഷണം നൽകപ്പെടുന്നത് പോലെ നിങ്ങൾക്കും തീർച്ചയായും ഭക്ഷണം നൽകപ്പെടും. അവ രാവിലെ വിശക്കുന്ന വയറോടെ പുറപ്പെടുകയും, വൈകുന്നേരം വയറുനിറഞ്ഞ് തിരികെ വരികയും ചെയ്യുന്നു.

ഹദ്റത്ത് അബൂദർറ് (റ) നിവേദനം ചെയ്യുന്നു;

തിരുനബി (സ) അരുൾ ചെയ്തു: ദുൻയാവിനോടുള്ള വിരക്തി എന്നത് ഹലാലായതിനെ ഹറാമാക്കലോ, ധനം പാഴാക്കിക്കളയലോ അല്ല. മറിച്ച്, ദുൻയാവിനോടുള്ള വിരക്തി എന്നാൽ നിങ്ങളുടെ കൈകളിലുള്ളതിനേക്കാൾ കൂടുതൽ അല്ലാഹുവിന്റെ കൈകളിലുള്ളതിൽ പൂർണ്ണ വിശ്വാസം ഉണ്ടായിരിക്കുക എന്നതാണ്.

ഹുസൂർ അരുളിച്ചെയ്യുന്നു:

തിരുനബി (സ) ദൈനംദിന കാര്യങ്ങളിലും അല്ലാഹുവിലുള്ള തവക്കുലിനെ മുൻനിർത്തി പ്രാർത്ഥിക്കാറുണ്ടായിരുന്നു.

ഹസ്രത്ത് ഉമ്മുസലമ (റ) നിവേദനം ചെയ്യുന്നു;

തിരുനബി (സ) വീട്ടിൽ നിന്ന് പുറപ്പെടുമ്പോൾ ഇപ്രകാരം പ്രാർത്ഥിക്കുമായിരുന്നു: അല്ലാഹുവിന്റെ നാമത്തിൽ, ഞാൻ അല്ലാഹുവിൽ തവക്കുൽ ചെയ്തിരിക്കുന്നു. അല്ലാഹുവേ! ഞങ്ങൾകാലിടറിപ്പോകുന്നതിൽ നിന്നും വഴിതെറ്റിപ്പോകുന്നതിൽ നിന്നും അക്രമം ചെയ്യുന്നതിൽ നിന്നും അക്രമിക്കപ്പെടുന്നതിൽ നിന്നും, അജ്ഞതയോടെ പെരുമാറുന്നതിൽ നിന്നും, ഞങ്ങളോട് അജ്ഞതയോടെ പെരുമാറുന്നതിൽ നിന്നും നിന്നോട് ഞങ്ങൾ അഭയം തേടുന്നു.

ഹദ്റത്ത് ബുറൈദഃ (റ) നിവേദനം ചെയ്യുന്നു;

തിരുനബി (സ) വീട്ടിൽ നിന്ന് പുറത്തിറങ്ങുമ്പോൾ ഇപ്രകാരം പ്രാർത്ഥിക്കുമായിരുന്നു: അല്ലാഹുവിന്റെ നാമത്തിൽ, ഞാൻ അല്ലാഹുവിൽ ഭരമേൽപ്പിച്ചിരിക്കുന്നു. നന്മ ചെയ്യാനുള്ള ശക്തിയും തിന്മയിൽ നിന്ന് രക്ഷപ്പെടാനുള്ള ശേഷിയും അല്ലാഹുവിന്റെ തൗഫീഖ് കൊണ്ട്മാത്രമാകുന്നു. അല്ലാഹുവേ! ഞാൻ വഴിപിഴച്ചുപോകുന്നതിൽ നിന്നും എന്നെ വഴിപിഴപ്പിക്കുന്നതിൽ നിന്നും, തെറ്റ് പറ്റുന്നതിൽ

നിന്നും, എന്നെ തെറ്റിൽ വീഴ്ത്തുന്നതിൽ നിന്നും, ഞാൻ ആരോടെങ്കിലും അക്രമം ചെയ്യുന്നതിൽ നിന്നും, എന്നോട് അക്രമം ചെയ്യപ്പെടുന്നതിൽ നിന്നും, ഞാൻ അജ്ഞത പ്രവർത്തിക്കുന്നതിൽ നിന്നും, എന്നോട് അജ്ഞത കാണിക്കപ്പെടുന്നതിൽ നിന്നും, ഞാൻ ആർക്കെതിരെയെങ്കിലും അതിക്രമം നടത്തുന്നതിൽ നിന്നും, എനിക്കെതിരെ അതിക്രമം നടത്തപ്പെടുന്നതിൽ നിന്നും ഞാൻ നിന്നിൽ അഭയം തേടുന്നു.

ഹദ്റത്ത് അബൂഹുറൈറഃ (റ) നിവേദനം ചെയ്യുന്നു;

*നബിതിരുമേനി (സ) ഹദ്റത്ത് ബിലാൽ (റ)ന്റെ അടുത്തേക്ക് വന്നു. തിരുമേനി അദ്ദേഹത്തിന്റെ പക്കൽ ഈന്തപ്പഴത്തിന്റെ ഒരു കൂമ്പാരം കാണാനിടയായി. തിരുനബി (സ) ചോദിച്ചു: അല്ലയോ ബിലാൽ! ഇതെന്താണ്? ഹദ്റത്ത് ബിലാൽ(റ) പറഞ്ഞു: ഇത് അങ്ങേയ്ക്കായി ഞാൻ സൂക്ഷിച്ചു വെച്ചിട്ടുള്ള ചില ഈന്തപ്പഴങ്ങളാണ്. അപ്പോൾ തിരുനബി (സ) അരുൾ ചെയ്തു: അല്ലയോ ബിലാൽ! ഖിയാമത്ത് നാളിൽ ഇതിന്റെ പുക നരകത്തിൽ ഉയർന്നുപൊങ്ങുമെന്ന് താങ്കൾ ഭയപ്പെടുന്നില്ലയോ? അല്ലയോ ബിലാൽ! അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ചെലവഴിക്കുക; അർശിന്റെ നാഥനിൽ നിന്ന് ദാരിദ്ര്യം ഉണ്ടാകുമെന്ന് ഭയപ്പെടാതിരിക്കുക.*

ഹദ്റത്ത് മസീഹ് മൗഊദ് (അ) അരുളിച്ചെയ്യുന്നു: മനുഷ്യന്റെ ഈമാനിൽ പുരോഗതി ഉണ്ടാകുന്നത് അവൻ അല്ലാഹുവിന്റെ കൽപ്പനകൾ അനുസരിച്ച് ജീവിക്കുകയും അല്ലാഹുവിലുള്ള തന്റെ തവക്കുൽ ദൃഢമാക്കുകയും ചെയ്യുമ്പോഴാണ്. തിരുനബി (സ) ഹദ്റത്ത് ബിലാൽ(റ)നോട്ചോദിച്ചു: നാളത്തെ ദൈവത്തിൽ താങ്കൾവിശ്വസിക്കുന്നില്ലയോ? ഇന്ന് താങ്കൾക്ക് നൽകുന്ന അല്ലാഹു നാളെ നൽകുകയില്ലേ? എന്നാൽ ഈ ഉപദേശത്തിന്റെ അർത്ഥം ധൂർത്ത് കാണിക്കണമെന്നോ ആവശ്യമായ ഭൗതിക മാർഗ്ഗങ്ങൾ സ്വീകരിക്കരുതെന്നോ അല്ല. മാർഗ്ഗങ്ങൾ ഉപയോഗപ്പെടുത്തുന്നതിനോടൊപ്പം അല്ലാഹുവിൽ തവക്കുൽ ചെയ്യുക എന്നത് അത്യന്താപേക്ഷിതമാണ്. തവക്കുൽ എന്നാൽ മുൻകരുതലുകൾ എടുക്കാതിരിക്കലോ മാർഗ്ഗങ്ങൾ സ്വീകരിക്കാതിരിക്കലോ അല്ല.

ഹദ്റത്ത് അനസ് ബിൻ മാലിക് (റ) നിവേദനം ചെയ്യുന്നു;

ഒരാൾ വന്ന് ചോദിച്ചു: അല്ലാഹുവിന്റെ റസൂലേ! ഞാൻ ഒട്ടകത്തിന്റെ കാൽമുട്ട് കെട്ടിയിട്ട് തവക്കുൽ ചെയ്യണമോ, അതോ അതിനെ അഴിച്ചുവിട്ടിട്ട് തവക്കുൽ ചെയ്യണമോ? തിരുമേനി(സ)അരുൾ ചെയ്തു: അതിന്റെ കാൽമുട്ട് കെട്ടിയിടുക, എന്നിട്ട് തവക്കുൽ ചെയ്യുക.

ഹദ്റത്ത് മസീഹ് മൗഊദ് (അ) അരുളിച്ചെയ്യുന്നു: അല്ലാഹുവിൽ ഭരമേൽപ്പിക്കുക എന്നാൽ മനുഷ്യൻ ഭൗതികമായ തയ്യാറെടുപ്പുകൾ ഉപേക്ഷിക്കുക എന്നല്ല; മറിച്ച്, സാധ്യമായ എല്ലാ മാർഗ്ഗങ്ങളും ക്രമീകരണങ്ങളും പൂർത്തിയാക്കിയ ശേഷം അതിന്റെ അവസാനഫലം അല്ലാഹുവിന് വിട്ടുകൊടുക്കുക എന്നതാണ്. ഇതിനാണ് ***തവക്കുൽ*** എന്ന് പറയുന്നത്. മനുഷ്യൻ മാർഗ്ഗങ്ങളൊന്നും സ്വീകരിക്കാതെ വെറുതെ തവക്കുൽ ചെയ്യുകയാണെങ്കിൽ ആ തവക്കുൽ അർത്ഥശൂന്യമാണ്; എന്നാൽ ഭൗതിമാർഗ്ഗങ്ങൾ മാത്രം സ്വീകരിച്ച് അതിൽ മാത്രം വിശ്വസിക്കുകയും അല്ലാഹുവിൽ തവക്കുൽ ചെയ്യാതിരിക്കുകയും ചെയ്താൽ ആ മാർഗ്ഗങ്ങളും നിരർഥകമാണ്.

ഹദ്റത്ത് ആഇശ (റ) നിവേദനം ചെയ്യുന്നു;

തിരുനബി (സ)യുടെ പക്കൽ ചില ദീനാറുകൾ വരികയുണ്ടായി. തിരുമേനി (സ) അവയെല്ലാം വീതിച്ചു നൽകി; എന്നാൽ ആറ് ദീനാറുകൾ ബാക്കിവരികയും അവ അവിടുന്ന് തങ്ങളുടെ വിശുദ്ധ പത്നിമാരിൽ ഒരാളുടെ പക്കൽ സൂക്ഷിച്ചു വെക്കുകയും ചെയ്തു. തന്റെ വഫാത്ത് വേളയിൽ തിരുനബി(സ) ആ ദീനാറുകളെക്കുറിച്ച് അന്വേഷിച്ചു. അവ ഇതുവരെ ചെലവഴിച്ചിട്ടില്ലെന്ന് മനസ്സിലാക്കിയപ്പോൾ ആ ദീനാറുകൾ വരുത്തിച്ചു. തിരുമേനി(സ) അവ തന്റെ ഉള്ളംകൈയിൽ വെച്ച് എണ്ണി തിട്ടപ്പെടുത്തി; അത് ആറ് ദീനാറുകളായിരുന്നു. തുടർന്ന് അരുൾ ചെയ്തു: തന്റെ റബ്ബുമായി കണ്ടുമുട്ടുകയും ദുൻയാവിൽ നിന്ന് വിടപറയുകയും ചെയ്യുന്ന വേളയിൽ ഈ ദീനാറുകൾ കൈവശമുണ്ടെങ്കിൽ, മുഹമ്മദിന് തന്റെ റബ്ബിൽ പിന്നെ എന്തു തവക്കുൽ? തുടർന്ന് തിരുമേനി (സ) ആ ദീനാറുകളെല്ലാം അല്ലാഹുവിന്റെ മാർഗ്ഗത്തിൽ സ്വദഖ ചെയ്തു; അന്നേ ദിവസം തന്നെ അവിടുന്ന് വഫാത്താവുകയും ചെയ്തു.അല്ലാഹു അരുളുന്നു: അല്ലാഹു നമുക്ക് നിശ്ചയിച്ചതല്ലാതെ മറ്റൊന്നും നമുക്ക് സംഭവിക്കുകയില്ല. അവനാണ് നമ്മുടെ കാര്യങ്ങൾ നിർവ്വഹിക്കുന്നവൻ; സത്യവിശ്വാസികൾ അല്ലാഹുവിൽ മാത്രം തവക്കുൽ ചെയ്യട്ടെ.

തിരുനബി (സ)യുടെ ജീവിത മാതൃകയിൽ തവക്കുലിന്റെ ഉദാത്തമാതൃക മുസൈലിമത്തുൽ കദ്ദാബ് വിഷയത്തിലും കാണാം. തിരുനബി (സ)യുടെ കാലഘട്ടത്തിലാണ് മുസൈലിമ വന്നത്. തിരുനബി (സ)ക്ക് ശേഷം തന്നെ പിൻഗാമിയാക്കുകയാണെങ്കിൽ താൻ അങ്ങയെ അനുഗമിക്കാം എന്ന് മുസൈലിമ പറഞ്ഞു. തന്റെ ജനതയിൽ നിന്നുള്ള വലിയൊരു സംഘ

ത്തോടൊപ്പമാണ് അയാൾ മദീനയിൽ എത്തിയത്. തിരുനബി (സ) അയാളുടെ അടുത്ത് ചെന്നു. ഹദ്റത്ത് ഥാബിത് ബിൻ ഖൈസ് ബിൻ ശമ്മാസ് (റ) അങ്ങയോടൊപ്പം ഉണ്ടായിരുന്നു. തിരുനബി(സ)യുടെ കൈയിൽ ഈന്തപ്പനയോലയുടെ ഒരു ചെറിയ കഷണമുണ്ടായിരുന്നു. തിരുമേനി (സ) മുസൈലിമയുടെ മുന്നിൽ നിന്ന് അരുളിച്ചെയ്തു: നീ എന്നോട് ഈ ചെറിയ ഓലക്കഷണം ചോദിച്ചാൽ പോലും ഞാൻ നിനക്ക് തരില്ല; അല്ലാഹു നിനക്ക് വിധിച്ചതിൽ കവിഞ്ഞ് മുന്നോട്ടുപോകാൻ നിനക്ക് കഴിയില്ല. നീ പുറംതിരിഞ്ഞു പോകുകയാണെങ്കിൽ അല്ലാഹു നിന്നെ നശിപ്പിച്ചു കളയുന്നതാണ്

ഇതുസംബന്ധമായി ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) പറയുന്നു:

തിരുനബി(സ)ക്ക് ഒരു കാര്യത്തിലും ലൗകികതയിലേക്കോ ലൗകികരിലേക്കോ യാതൊരു ശ്രദ്ധയും ഉണ്ടായിരുന്നില്ല; ഭൗതിക മാർഗ്ഗങ്ങളിലേക്ക് തിരുമേനി കണ്ണുയർത്തി നോക്കുക പോലും ചെയ്തിരുന്നില്ല. മറിച്ച്, എല്ലാ കാര്യങ്ങളിലും അവിടുത്തെ ദൃഷ്ടി അല്ലാഹുവിലേക്ക് മാത്രമായിരുന്നു താനും. അവനാണ് സർവ്വതും ചെയ്യുന്നത് എന്ന ഉറച്ച വിശ്വാസത്തിലായിരുന്നു അവിടുന്ന്. തവക്കുലിന്റെ പരിപൂർണ്ണ മാതൃകയായിരുന്നുതിരുമേനി (സ). അങ്ങയുടെ ജീവിത കാലത്ത് മുസൈലിമ വലിയൊരു പടയുമായി മദീനയിൽ വരികയും, തിരുനബിക്ക് ശേഷം തന്നെ ഖലീഫയാക്കുകയാണെങ്കിൽ തന്റെ ജനതയോടൊപ്പം തിരുമേനിയെ അനുഗമിക്കാം എന്ന് ആവശ്യപ്പെടുകയും ചെയ്തു; എന്നാൽ തിരുനബി (സ) ആ ആവശ്യം ഉടനടി നിരസിക്കുകയാണുണ്ടായത്.അവിശ്വാസികളുടെ ഉപദ്രവം കൊടുമ്പിരിക്കൊണ്ടിരുന്ന, ഖൈസറും കിസ്രയും ഭീഷണി സന്ദേശങ്ങൾ അയച്ചുകൊണ്ടിരുന്ന, ബനൂ ഗസ്സാൻ യുദ്ധത്തിന് തയ്യാറെടുത്തുകൊണ്ടിരുന്ന, വിവിധ ഭരണകൂടങ്ങൾ ഈ പുതിയ പ്രസ്ഥാനത്തെ സംശയദൃഷ്ടിയോടെ നോക്കിക്കണ്ടിരുന്ന ഒരു കാലഘട്ടമായിരുന്നു അത്. ഇത്തരമൊരു ഘട്ടത്തിൽ മനുഷ്യബുദ്ധി ആഗ്രഹിക്കുന്നത് ശത്രുവിനെയും മിത്രത്തെയുമെല്ലാം സ്വന്തം പക്ഷത്ത് ചേർക്കാനാണ്; എന്നാൽ തിരുനബി(സ)യുടെ തവക്കുൽ അല്ലാഹുവിൽ മാത്രമായിരുന്നു. അങ്ങയുടെ ഹൃദയം ഉറച്ച വിശ്വാസം കൊണ്ടും, നെഞ്ച് ഈമാൻ കൊണ്ടും നിറഞ്ഞതായിരുന്നു. മുസൈലിമയെയോ അവന്റെ സൈന്യത്തെയോ ആശ്രയിക്കുന്നത് ഒരു നിമിഷത്തേക്ക് പോലും തിരുമേനി ഉചിതമായി കരുതിയില്ല; ഒരു ചെറിയ ഈന്തപ്പനയോലയുടെ പകരമായിട്ടാണ് അവന്റെ പിന്തുണ ലഭിക്കുന്നതെങ്കിൽ പോലും അങ്ങോട്ട് കണ്ണുയർത്തി നോക്കുകയില്ലെന്ന് അവിടുന്ന് തുറന്നടിച്ചു. ഈ സംഭവത്തിൽ നിന്ന് വ്യക്തമാകുന്നത് തിരുനബി (സ)യുടെ നിരസിക്കൽ ഭൗതികമായ എന്തെങ്കിലും സ്വാർത്ഥതയ്ക്ക് വേണ്ടിയായിരുന്നില്ല; മറിച്ച്, അല്ലാഹുവിലുള്ള അപാരമായ വിശ്വാസത്തിന്റെയും പരിപൂർണ്ണ തവക്കുലിന്റെയും ഫലമായിരുന്നു എന്നാണ്. അവിടുന്ന് തന്റെ സന്താനങ്ങളെ തനിക്ക് ശേഷം പിൻഗാമികളാക്കിയില്ല; മറിച്ച്, ഹദ്റത്ത് അബൂബക്കർ (റ)ന്റെ ഖിലാഫത്തിലേക്കാണ് സൂചന നൽകിയത്. തിരുമേനി (സ) ആഗ്രഹിച്ചിരുന്നെങ്കിൽ മദീനയിൽ അവിടുത്തെ കൈക്കീഴിൽ ഉണ്ടായിരുന്ന മുസൈലിമയെ പിടികൂടി വധിക്കാമായിരുന്നു; എന്നാൽ ആ കാര്യത്തിലും അവിടുന്ന് അല്ലാഹുവിൽ തവക്കുൽ ചെയ്യുകയാണ് ഉണ്ടായത്: അല്ലാഹു തന്നെ ആ ഉപദ്രവകാരിയെ നശിപ്പിച്ചുകൊള്ളും എന്ന വിശ്വാസത്തിൽ.

അതുകൊണ്ട്, തിരുനബി (സ)യുടെ ജീവിതം തവക്കുലിന്റെ ഉന്നതമായ മാതൃകയാണ് നമുക്ക് കാണിച്ചുതരുന്നത്: അല്ലാഹുവിലേക്ക് പൂർണ്ണമായി തിരിയുക, അവന്റെ പ്രീതിക്ക് മുൻഗണന നൽകുക, ഭൗതിക എതിർപ്പുകളിൽ തളരാതിരിക്കുക, ഭൗതിക മാർഗോപാധികൾ അവലംബിച്ച ശേഷം അതിന്റെ ഫലം അല്ലാഹുവിന് വിട്ടുകൊടുക്കുക, എല്ലാ അവസ്ഥയിലും അവന്റെ സഹായത്തിൽ ഉറച്ചുവിശ്വസിക്കുക എന്നിവയാണ് യഥാർത്ഥ തവക്കുൽ.

اللهم صل على محمد وبارك و سلم

ഖുതുബയുടെ അവസാനത്തിൽ ഹസൂർ അൻവർ, അന്തരിച്ച മിർസാ സഫ്ദർ മഹ്മൂദ് സാഹിബ് ശഹീദ്. അസീസ അമത്തുൽ അസീസ് സാഹിബ, റശീദ് അഹ്മദ് അയാസ് സാഹിബ് എന്നിവരെ സ്മരിക്കുകയും അവരുടെ ജനാസ ഗാഇബ് നിർവഹിക്കുന്നതാണെന്ന് വിളംബരപ്പെടുത്തുകയും ചെയ്തു:

اَلْحَمْدُ لِلّٰهِ نَحْمَدُهُ وَ نَسْتَعِيْنُهُ وَ نَسْتَغْفِرُهُ وَنُؤْمِنُ بِهِ وَ نَتَوَكَّلُ عَلَيْهِ وَ نَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهُ وَمَنْ يُضْلِلْهُ فَلَا هَادِىَ لَهُ۔ وَنَشْهَدُ اَنْ لَّآ اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهُ وَ رَسُوْلُهُ۔ عِبَادَ اللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِ ذِى الْقُرْبٰى وَ يَنْهٰى عَنِ الْفَحْشَاءِ وَالْمُنْكَرِ وَ الْبَغْىِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوا اللّٰهَ يَذْكُرْكُمْ وَادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ۔

**FRIDAY SERMON SUMMARY** DELIVERED BY**HAZRAT KHALIFATUL MASIH V(ATBA)**
MASJID MUBARAK UK ON 04.09.2026
SUMMARIZED BY MAJLIS ANSARULLAH BHARAT
MALAYALAM TRANSLATION BY HARIF MOHAMMED BM
FOR MALAYALAM DESK, QADIAN
PUBLISHED BY NAZARAT NASHR-O-ISHAAT,
SADR ANJUMAN AHMADIYYA QADIAN 143516